**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയം ഭരണ വകുപ്പ് - കോഴിക്കോട് ജില്ലയിലെ നരിപ്പറ്റ ഗ്രാമപഞ്ചായത്തിലെ നരിപ്പറ്റ വില്ലേജിലെ 99/1 സർവ്വേ നമ്പറിലുള്ള 2 ഏക്കർ സ്ഥലം ഗവൺമെന്റ് ഐ.ടി.ഐ ക്ക് സൗജന്യമായി വിട്ടു നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ(സാധാ) നം.2416/17/ത.സ്വ.ഭ.വ — തിരുവനന്തപുരം, തീയതി, 15.07.2017

---

പരാമർശം - 1) നരിപ്പറ്റ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 14.10.2016 -ലെ 120/16-ാം നമ്പർ തീരുമാനം

2) നരിപ്പറ്റ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 22/10/2016 ലെ എ 2-2240/16 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കോഴിക്കോട് ജില്ലയിലെ നരിപ്പറ്റ ഗ്രാമപഞ്ചായത്തിലെ നരിപ്പറ്റ വില്ലേജിലെ 99/1 സർവ്വേ നമ്പറിലുള്ള (റീ സർവ്വേ 101/4 ബി) 2 ഏക്കർ സ്ഥലം പഞ്ചായത്തിൽ പുതുതായി പ്രവർത്തനമാരംഭിച്ച ഗവൺമെന്റ് ഐ.ടി.ഐ ക്ക് സൗജന്യമായി വിട്ടുനൽകുന്നതിന് പരാമർശം (1) പ്രകാരം തീരുമാനിക്കുകയും ആയതിന് സർക്കാർ അനുമതി നൽകുന്നതിന് കിഴക്കോത്ത് ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാമർശം (2) പ്രകാരം അപേക്ഷിക്കുകയും ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ, നരിപ്പറ്റ ഗ്രാമപഞ്ചായത്തിലെ നരിപ്പറ്റ വില്ലേജിലെ 99/1 സർവ്വേ നമ്പറിലുള്ള (റീ സർവ്വേ 101/4 ബി) 2 ഏക്കർ സ്ഥലം ഗവൺമെന്റ് ഐ.ടി.ഐ ക്ക് സൗജന്യമായി വിട്ടു നൽകുന്നതിന്, കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 3(1) പ്രകാരം, നരിപ്പറ്റ ഗ്രാമപഞ്ചായത്തിന് അനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം )
മുഹമ്മദ് റിയാസ്
ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ , തിരുവനന്തപുരം
സെക്രട്ടറി, നരിപ്പറ്റ ഗ്രാമപഞ്ചായത്ത്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-എൽ.ബി.എ & എ), തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം
സെക്ഷൻ ഓഫീസർ